(ബി) 1,09,39,441 രൂപ നൽകിയിട്ടുണ്ട്.

(സി) നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് 53,98,343 രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്.

ദില്ലിയിൽ മാധ്യമ പ്രവർത്തകർക്കായി നടത്തിയ സൽക്കാരം

80 [855] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദില്ലിയിൽ മാധ്യമപ്രവർത്തകർക്കായി മുഖ്യമന്ത്രി സൽക്കാരം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004 ഡിസംബർ മാസം 20-ാം തീയതി ഡൽഹിയിലെ ഒബ്റോയി ഹോട്ടലിൽ വച്ചാണ് മാധ്യമ പ്രവർത്തകരുടെ പത്ര സമ്മേളനം നടത്തിയത്. ഇതിന് ആകെ 1,21,712- രൂപ (ഒരു ലക്ഷത്തി ഇരുപത്തി ഒരായിരത്തി എഴുനൂറ്റി പന്ത്രണ്ട് രൂപാ മാത്രം) ചെലവായിട്ടുണ്ട്. സംസ്ഥാനത്തെ വികസന സാധ്യതകളെകുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും രാജ്യതലസ്ഥാനത്തെ പ്രഗത്ഭരും മുതിർന്നവരുമായ പത്രപ്രവർത്തകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനാണ് സൽക്കാരം നടത്തിയത്.

മുഖ്യമന്ത്രിയുടെ വിരുന്നിൽ പങ്കെടുത്ത സർക്കാർ പ്രതിനിധികൾ

81 [856] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ മാസത്തിൽ മുഖ്യമന്ത്രി ഡൽഹിയിലെ ഒബ്റോയി ഹോട്ടലിൽ വച്ച് മാധ്യമ പ്രവർത്തകർക്ക് വിരുന്ന് സൽക്കാരം നൽകിയിരുന്നുവോ ;

(ബി) ഇതിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) ഈ സൽക്കാരത്തിൽ മുഖ്യമന്ത്രിയെ കൂടാതെ മറ്റേതെങ്കിലും സർക്കാർ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ വിരുന്നു സൽക്കാരത്തിന്റെ ഉദ്ദേശ്യങ്ങളും നേട്ടങ്ങളും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly